WEDNESDAY 13-10-2021 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) –13/10/2021

1. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തി കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ കേരശ്രീ, കേരസങ്കര എന്നീ സങ്കരയിനം തെങ്ങിൻ തൈകളും ഡബ്ല്യു.സി.ടി (നാടൻ) തെങ്ങിൻ തൈകളും വില്പനയ്ക്ക് തയാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0487-2370540** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കൃഷി വകുപ്പ് ഫാമുകൾ, കാർഷിക സർവ്വകലാശാല എന്നിവയുടെ അംഗീകൃത എജൻസികൾ/ഫ്രാഞ്ചൈസികൾ എന്ന പേരിൽ നടീൽ വസ്തുക്കളുമായി വ്യാജ സംഘങ്ങൾ വീടുകൾ കയറി വിൽപന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇത്തരം പ്രചരണങ്ങളിൽ വഞ്ചിതരാകരുതെന്നും കൃഷി ഡയറക്ടർ അറിയിപ്പു നൽകി. പലപ്പോഴും ഇത്തരം സംഘങ്ങൾ കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ പേരിൽ വ്യാജസീൽ പതിപ്പിച്ച രസീതും കർഷകർക്കു നൽകാറുണ്ട്. കൃഷിവകുപ്പിന് നടീൽ വസ്തുക്കളുടെ വില്പനയ്ക്കായി ഇത്തരം ഏജൻസികളോ, സഞ്ചരിക്കുന്ന വില്പന വാഹനങ്ങളോ ഇല്ലാത്തതാകുന്നു. കൃഷി വകുപ്പ് ഫാമുകൾ, കൃഷിഭവനുകൾ എന്നിവ മുഖാന്തിരമാണ് കൃഷിവകുപ്പ് നടീൽവസ്തുക്കൾ സൗജന്യ നിരക്കിൽ കർഷകർക്ക് വിൽപന നടത്തുന്നത്. ആയതിനാൽ കർഷകർ തൊട്ടടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെട്ടു മാത്രമേ സർക്കാർ സംബന്ധമായ ഇടപാടുകൾ നടത്താവൂ എന്ന് കൃഷിവകുപ്പ് ഡയറക്ടർ അറിയിക്കുന്നു.

3. കാർഷിക വികസന കർഷക ക്ഷേമവകുപ്പ് സംസ്ഥാന തലത്തിൽ **സൗരോർജത്തിൽ പ്രവർത്തിക്കുന്ന** ഒരു **പച്ചക്കറിവിൽപ്പന വാൻ** സജ്ജമാക്കുന്നതിന് ധനസഹായം നൽകുന്നു. 48 ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്. പ്രാദേശികമായി ലഭ്യമാകുന്ന പഴം പച്ചക്കറികളും മൂല്യവർധിത ഉൽപ്പന്നങ്ങളും വിൽപ്പന നടത്തുന്നത് പ്രോത്സാഹിപ്പിയ്ക്കുന്നതിനായിട്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പ്രാദേശിക സഹകരണ സംഘങ്ങൾ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ എന്നിവർക്ക് അപേക്ഷിയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഓഫീസുമായി ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുല്പാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങളെ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ വിതരണം ചെയ്യപ്പെടുന്നു. ആവശ്യമുള്ള കർഷകർ **0479– 2452277, 0479 –2457778, 9495805541** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് മുൻകൂറായി ബുക്ക് ചെയ്യേണ്ടതാണ്.

5. കാർഷിക സർവ്വകലാശാലയുടെ വിവിധ ജൈവ രോഗ കീട നിയന്ത്രണോപാദികൾ, ജീവാണു വളങ്ങൾ, ജൈവ വളങ്ങൾ എന്നിവ വേങ്ങേരിയിലുള്ള സർവ്വകലാശാല സ്ഥാപനമായ കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ ലഭ്യമാകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0495 2935850** എന്ന നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ശാസ്ത്രീയ തേനീച്ച വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. ഇന്ന് (ഒക്ടോബർ 13 ന്) രാവിലെ 10 മുതൽ **തെള്ളിയൂരിൽ** പ്രവർത്തിക്കുന്ന പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ചാണ് പരിശീലനം നടക്കുന്നത്. കൂടുതൽ വിവരങ്ങൾക്കും പരിശീലനത്തിൽ പങ്കെടുക്കുന്നതിനും **8078572094** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

7. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പാൽ ഗുണമേന്മ വർഷാചരണത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ ക്ഷീരകർഷകർക്ക് ഇന്ന് (ഒക്ടോബർ13-ന്) രാവിലെ 10.30 മണിക്ക് **പാൽ ഗുണമേന്മ വർഷാചരണം, ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ, മിച്ചം വരുന്ന പാലിൽ നിന്നും സ്വാദിഷ്ടമായ പാലുൽപ്പനങ്ങൾ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി meet.google.com/wsn-ksbg-sko എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക

8. ആലത്തൂർ ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ഒക്ടോബർ 13 ന്) രാവിലെ 11 മണിക്ക് **പാൽഗുണനിലവാര വർഷാചരണം – സംഭരണ സഹായി/ലാബ് അസിസ്റ്റന്റ് പരിശീലനം**– ഭാഗം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

1 (Procurement assistant/lab assistant training part I)എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/esm-uyaj-pni എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0492 – 2226040** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

9. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (13.10.2021) തീറ്റപ്പുൽകൃഷി എന്ന വിഷയത്തിൽ സൗജന്യ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 04829 – 234323 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ചു പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ ഈ മാസം **18ന് കാട വളർത്തൽ, 22,23 തീയതികളിൽ ആട് വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 0479 – 2452277 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

11. തെങ്ങിൽ കൊമ്പൻ ചെല്ലിയുടെ ആക്രമണം കാണുവാൻ സാധ്യതയുണ്ട്. തെങ്ങിന്റെ മണ്ട നന്നാവി വൃത്തിയാക്കിയ ശേഷം കാർട്ടാപ്പ് ഹൈഡ്രോക്ലോറൈഡ് 4G - 20ഗ്രാം, 200 ഗ്രാം മണലുമായി ചേർത്തതോ ഫിപ്രോനിൽ 0.3 G - 20ഗ്രാം, 200 ഗ്രാം മണലുമായി ചേർത്ത മിശ്രിതമോ കുന്നോലയുടെ ചുറ്റുമുള്ള രണ്ടോ മൂന്നോ ഇലക്കവിളുകളിൽ നന്നായി നിറയ്ക്കുക. തൽപ്രവൃത്തി വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും (ജനുവരി, മെയ്, സെപ്റ്റംബർ/ഒക്ടോബർ) ആവർത്തിക്കേണ്ടതാണ്.